പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2899

18.08.2017-ൽ
മറുപടിക്ക്

## നദികളിൽ നിന്നുള്ള അനധികൃത മണൽ വാരൽ തടയുവാൻ നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.പി.കെ. ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നദികളിൽ നിന്നുള്ള അനധികൃതമണൽ വാരൽ തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ നദികളിൽ നിന്നുള്ള അനധികൃതമണൽ വാരൽ തടയുന്നതിനായി സബ് കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡും, തഹസീൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തല സ്ക്വാഡും പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ റവന്യൂ പോലീസ് വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |
| (ബി) | അനധികൃത മണൽവാരൽ തടയുവാനും അതുവഴി നദികളെയും പാലങ്ങളെയും ജനങ്ങളെയും പരിസ്ഥിതിയേയും സംരക്ഷിക്കുവാനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) അനധികൃത മണൽവാരൽ തടയുന്നതിനും അതുവഴി നദികളെയും പാലങ്ങളെയും പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിന് നിയമപരമായി എല്ലാ നടപടികളും സ്വീകരിക്കുന്നതും റവന്യൂ, പോലീസ് വകുപ്പുകൾ ഒറ്റയ്ക്കും സംയുക്തമായും സ്ക്വാഡുകൾ രൂപീകരിച്ച് അനധികൃത ഖനനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിരോധനവും നിയമം പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| (സി) | നദികളിലെ കൈയ്യേറ്റം, മണൽവാരൽ എന്നിവ തടഞ്ഞ് അവയെ സംരക്ഷിക്കാൻ ഈ സർക്കാർ കാലയളവിൽ റവന്യൂവകുപ്പ മറ്റു വകുപ്പുകളുമായി സഹകരിച്ച് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ? | (സി) നദികളിലെ കൈയ്യേറ്റം, മണൽവാരൽ എന്നിവ തടഞ്ഞ് അവയെ സംരക്ഷിക്കാനായി റവന്യൂവകുപ്പിനൊപ്പം പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പ് , ഉൾനാടൻ ജലഗതാഗത വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സേവനം കൂടി പ്രയോജനപ്പെടുത്തിയിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**